✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1031

# സൂറ - 33 / അൽ അഹ്സാബ്

## സൂക്തം: 22 - 24

ദൈവിക ദീനിന്റെ സംസ്ഥാപനത്തിനുവേണ്ടി നിലകൊള്ളുന്നവർ കടുത്ത പ്രയാസങ്ങളും പ്രതിസന്ധികളും പരീക്ഷണങ്ങളും നേരിടേണ്ടിവരുമെന്നു നേരത്തേ അല്ലാഹു അവരെ അറിയിച്ചിട്ടുള്ളതാണ്. ആ പരീക്ഷണങ്ങളെ ഉറച്ച കാൽവെപ്പുകളോടെ തരണം ചെയ്യുന്നവർക്കാണ് അവൻ ഇഹപര വിജയസൗഭാഗ്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് കടുത്ത പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ അതിനെ അല്ലാഹു തങ്ങൾക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പുലരുന്നതായിട്ടാണവർ കാണുക. അത് ഒരു വശത്ത് അവരുടെ ഈമാനിനെ ശക്തിപ്പെടുത്തുകയും മറുവശത്ത് ആത്മവിശ്വാസവും ശുഭപ്രതീക്ഷയും വളർത്തുകയും ചെയ്യുന്നു.

وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ
وَصَدَقَ ٱللَّهُ وَرَسُولُهُۥ ۚ وَمَا زَادَهُمْ إِلَّآ إِيمَٰنًا وَتَسْلِيمًا ﴿٢٢﴾

22. സഖ്യസേനയുടെ വരവു കണ്ടപ്പോൾ സത്യവിശ്വാസികൾ പറഞ്ഞതോ; ഇത് അല്ലാഹുവും ദൈവദൂതനും നമ്മോട് വാഗ്ദത്തം ചെയ്തിട്ടുള്ള കാര്യം തന്നെയാകുന്നു. അല്ലാഹുവും ദൂതനും പറഞ്ഞത് തികഞ്ഞ സത്യം തന്നെ എന്നത്രെ. ഈ ഭീഷണി അവരുടെ വിശ്വാസത്തെയും സമർപ്പണത്തെയും വളർത്തുകയേ ചെയ്തുള്ളൂ.

**22**

وَلَمَّا رَأَى الْمُؤْمِنُونَ = സത്യവിശ്വാസികൾ കണ്ടപ്പോൾ

الْأَحْزَابَ = കക്ഷികളെ (സഖ്യസേനയുടെ വരവ്) قَالُوا = അവർ പറഞ്ഞു (ഞ്ഞതോ)

هَٰذَا مَا وَعَدَنَا اللَّهُ وَرَسُولُهُ = ഇത് അല്ലാഹുവും ദൈവദൂതനും നമ്മോട് വാഗ്ദത്തം ചെയ്തത് (ചെയ്തിട്ടുള്ള- കാര്യം തന്നെ) ആകുന്നു

وَصَدَقَ اللَّهُ وَرَسُولُهُ = അല്ലാഹുവും അവന്റെ ദൂതനും സത്യം പറഞ്ഞു (പറഞ്ഞത് തികഞ്ഞ സത്യം തന്നെ എന്നത്രെ)

وَمَا زَادَهُمْ = അത് (ഈ ഭീഷണി) അവർക്ക് അധികരിപ്പിച്ചില്ല (വളർത്തുകയേ ചെയ്തുള്ളൂ)

إِلَّا إِيمَانًا وَتَسْلِيمًا = വിശ്വാസത്തെയും സമർപ്പണത്തെയും അല്ലാതെ

അറേബ്യൻ ഗോത്രങ്ങളും യഹൂദ ഗോത്രങ്ങളും സഖ്യം ചേർന്ന് മഹാസൈന്യമായി മദീനയെ ആക്രമിക്കാനെത്തിയപ്പോൾ കപടവിശ്വാസികളും ദീനംപിടിച്ച മനസ്സുള്ളവരും, മുസ്‌ലിംകൾക്കിനി ഈ നാട്ടിൽ നിലനിൽപില്ല, വേഗം സ്ഥലം വിട്ടുകൊള്ളുക, അല്ലാഹുവിന്റെ പേരിൽ ദൈവദൂതൻ നൽകിക്കൊണ്ടിരുന്ന വിജയവാഗ്ദാനങ്ങളെല്ലാം വ്യാമോഹ

ങ്ങളും പാഴ്‌വാക്കുകളും മാത്രമായിരുന്നു എന്ന് ഘോഷിച്ചത് നേരത്തേ 12, 13 സൂക്തങ്ങളിൽ ഉദ്ധരിച്ചിരുന്നുവല്ലോ. എന്നാൽ ശത്രുസൈന്യങ്ങളുടെ ആഗമനം കണ്ട യഥാർഥ സത്യവിശ്വാസികളുടെ വിശ്വാസത്തിനോ ശുഭപ്രതീക്ഷക്കോ ഒരിളക്കവും തട്ടിയില്ല. ഇത്ര ഗംഭീരമായ ഒരു സൈന്യത്തെ ആളും അർഥവും കുറഞ്ഞ തങ്ങൾക്ക് എങ്ങനെ നേരിടാൻ കഴിയുമെന്ന ചിന്ത അവരെ ഭയപ്പെടുത്തിയിരുന്നുവെങ്കിലും അതിന്റെ പേരിൽ അല്ലാഹുവിനെയും റസൂലിനെയും -ഇസ്‌ലാമിനെ- കുറ്റപ്പെടുത്താൻ മുതിർന്നതുമില്ല. ദൈവിക ദീനിന്റെ സംസ്ഥാപനത്തിനുവേണ്ടി നിലകൊള്ളുന്നവർ കടുത്ത പ്രയാസങ്ങളും പ്രതിസന്ധികളും പരീക്ഷണങ്ങളും നേരിടേണ്ടിവരുമെന്നു നേരത്തേ അല്ലാഹു അവരെ അറിയിച്ചിട്ടുള്ളതാണ്. ആ പരീക്ഷണങ്ങളെ ഉറച്ച കാൽവെപ്പുകളോടെ തരണം ചെയ്യുന്നവർക്കാണ് അവൻ ഇഹപര വിജയസൗഭാഗ്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് കടുത്ത പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ അതിനെ അല്ലാഹു തങ്ങൾക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പുലരുന്നതായിട്ടാണവർ കാണുക. അത് ഒരു വശത്ത് അവരുടെ ഈമാനിനെ ശക്തിപ്പെടുത്തുകയും മറുവശത്ത് ആത്മവിശ്വാസവും ശുഭപ്രതീക്ഷയും വളർത്തുകയും ചെയ്യുന്നു.

ഇവിടെ സൂചിപ്പിക്കുന്ന ദൈവിക വാഗ്ദാനം നേരത്തേ വിവിധ സൂക്തങ്ങളിലൂടെ വിശ്വാസികൾക്കു നൽകിയിട്ടുള്ള മുന്നറിയിപ്പുകളാണ്.

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ ﴿١٥٥﴾

(ഭയാശങ്കകൾ, ക്ഷാമം, ധനനഷ്ടം, ജീവനാശം, വിളനാശം മുതലായ കെടുതികളിലൂടെ നാം നിങ്ങളെ പരീക്ഷിച്ചുകൊണ്ടിരിക്കും. ഈ പ്രതിസന്ധികളെ ക്ഷമയോടെ തരണം ചെയ്യുന്നവർക്കു സുവിശേഷം! - 2:155)

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم ۖ مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ ۗ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ ﴿٢١٤﴾

(അല്ല, നിങ്ങൾ സ്വർഗത്തിലങ്ങു കടന്നുകളയാമെന്ന് വിചാരിക്കുന്നുവോ, പൂർവിക സത്യവാഹകരെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചിട്ടില്ലാതിരിക്കെ? അവരെയൊക്കെയും പീഡകളും വിപത്തുകളും ബാധിച്ചിട്ടുണ്ടായിരുന്നു. അതതുകാലത്തെ ദൈവദൂതന്മാരും കൂടെയുള്ള വിശ്വാസികളും ഇനിയെപ്പോഴാണ് ദൈവസഹായം വന്നെത്തുക എന്ന് വിലപിക്കുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അറിയുവിൻ, ദൈവസഹായം ആസന്നമായിരിക്കുന്നു എന്ന് തത്സമയം അവർക്ക് സാന്ത്വനമരുളി - 2:214).

أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ ﴿٣﴾

(ജനം വിചാരിച്ചുവോ, ഞങ്ങൾ വിശ്വസിച്ചു എന്നു ഘോഷിച്ചതുകൊണ്ടുമാത്രം അവർ വിട്ടയക്കപ്പെടുമെന്ന്; പരീക്ഷിക്കപ്പെടാതെ? പൂർവ സമുദായങ്ങളെയൊക്കെയും നാം പരീക്ഷിച്ചിട്ടുള്ളതാകുന്നു. സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും തീർച്ചയായും അല്ലാഹു കണ്ടറിയേണ്ടതുണ്ട് - 29: 2,3).

ദൈവികമാർഗത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉയർന്നുവരുമ്പോൾ അത് അല്ലാഹുവിന്റെ മുന്നറിയിപ്പ് സത്യമായി പുലരുകയാണെന്നു ഉറപ്പിക്കുന്നതോടൊപ്പം ഇത്തരം പ്രയാസങ്ങളെയും പ്രതിസന്ധികളെയും സ്ഥിരചിത്തതയോടെ സധൈര്യം തരണം ചെയ്യുന്നവർക്ക് അവൻ വാഗ്ദാനം ചെയ്ത വിജയസൗഭാഗ്യങ്ങളും സത്യമായി പുലരുന്നതിന്റെ അനിഷേധ്യമായ തെളിവായും ഈ വിശ്വാസികൾ കാണുന്നു. ഇതാണ് صَدَقَ اللَّهُ وَرَسُولُهُ എന്ന വാക്യം സൂചിപ്പിക്കുന്നത്.

ക്ലേശങ്ങളും ദുരിതങ്ങളും യഥാർഥ വിശ്വാസികളുടെ ഈമാനിനെ ദുർബലമാക്കുകയോ ദൈവസഹായത്തെക്കുറിച്ച് നിരാശപ്പെടുത്തുകയോ അല്ല, മറിച്ച് ഈമാനിനെ പൂർവോപരി ദൃഢീകരിക്കുകയും അവന്റെ തീരുമാനത്തിന് സർവാത്മനാ അവരെ സമർപ്പിതരാക്കുകയുമാണ് ചെയ്യുക എന്നാണ് وَمَا زَادَهُمْ إِلَّا إِيمَانًا وَتَسْلِيمًا എന്ന വാക്യത്തിന്റെ താൽപര്യം. تَسْلِيم -ന് സമർപ്പണം, സ്വീകരണം, സമ്മതം, അനുസരണം എന്നെല്ലാം അർഥമുണ്ട്. ഈ അർഥങ്ങളെല്ലാം ഇവിടെ ഉദ്ദേശ്യമാകുന്നു. ●

---

مِّنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ ۖ فَمِنْهُم مَّن قَضَىٰ نَحْبَهُ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا تَبْدِيلًا ﴿٢٣﴾

23. സത്യവിശ്വാസികളിൽ ചില പുണ്യാത്മാക്കൾ അല്ലാഹുവുമായി ചെയ്ത കരാറ് സത്യസന്ധമായി പാലിച്ചിരിക്കുന്നു. ചിലർ അവരുടെ നേർച്ച നിർവഹിച്ചുകഴിഞ്ഞു. ചിലർ അതു കാത്തിരിക്കുകയാകുന്നു. തങ്ങളുടെ നിലപാടിൽ അവർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

**23**

مِّنَ الْمُؤْمِنِينَ رِجَالٌ = സത്യവിശ്വാസികളിൽ ചില പുരുഷന്മാർ (പുണ്യാത്മാക്കൾ) ഉണ്ട്

صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ = അല്ലാഹുവുമായി ചെയ്ത കരാറിനെ അവർ സത്യമാക്കി (സത്യസന്ധമായി പാലിച്ചിരിക്കുന്നു)

فَمِنْهُم مَّن قَضَىٰ نَحْبَهُ = അവരിൽ ചിലർ തന്റെ നേർച്ച നിർവഹിച്ചുകഴിഞ്ഞു, ജീവാർപ്പണം ചെയ്തു

وَمِنْهُم مَّن يَنتَظِرُ = അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു(ക്കുകയാകുന്നു)

وَمَا بَدَّلُوا تَبْدِيلًا = അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും മാറ്റിയിട്ടില്ല (വരുത്തിയിട്ടില്ല)

ഇങ്ങനെയുള്ള സത്യവിശ്വാസികളിൽ എത്രയോ പുണ്യാത്മാക്കൾ അല്ലാഹുവുമായി ചെയ്ത കരാർ സത്യസന്ധമായി പാലിച്ചിരിക്കുന്നു. رِجَالٌ എന്ന മൂലവാക്കിന്റെ ഭാഷാർഥം പുരുഷന്മാർ എന്നാണ്. പ്രധാനികൾ, പ്രമുഖർ എന്ന് പ്രയോഗാർഥമുണ്ട്. മലയാളത്തിൽ മഹാപുരുഷന്മാർ, ചരിത്രപുരുഷന്മാർ എന്നൊക്കെ പറയുന്നതുപോലെയാണിത്. ഇത്തരം സന്ദർഭങ്ങളിൽ പുരുഷന്മാർ എന്ന് പ്രയോഗിക്കുന്നത് ആ വ്യക്തികളുടെ മഹത്വം സൂചിപ്പിക്കാനാണല്ലോ. ഈയടിസ്ഥാനത്തിലാണ് ഇവിടെ رِجَالٌ-നെ പുണ്യപുരുഷന്മാർ എന്ന് തർജമ ചെയ്തിട്ടുള്ളത്. വിശ്വാസിനികളായ സ്ത്രീകൾ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടില്ലെന്നോ സത്യസന്ധമായി പാലിച്ചിട്ടില്ലെന്നോ ഇതിനർഥമില്ല. സത്യവിശ്വാസത്തിന്റെ പേരിൽ രക്തസാക്ഷികളാകേണ്ടിവന്ന സ്ത്രീകളും ഉണ്ട്. ഇവിടെ സൂചിപ്പിക്കുന്ന عَهْد എത്ര കടുത്ത ക്ലേശങ്ങളും ദുരിതങ്ങളും നേരിടേണ്ടിവന്നാലും ദീനീസരണിയിൽ ഉറച്ചുനിൽക്കുമെന്നും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഏതു കൽപനയും അനുസരിക്കുമെന്നും എത്ര കരുത്തരായ ശത്രുക്കൾ വന്നാലും ചെറുത്തുനിൽക്കുമെന്നും അല്ലാഹുവിന്റെ പേരിൽ പ്രവാചകനോട് ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. ഈ വിധം പ്രതിജ്ഞ ചെയ്തവരിൽ ഏറെ പ്രമുഖരായിരുന്നു ഉസ്മാനുബ്നു അഫ്ഫാൻ, ത്വൽഹതുബ്നു ഉബൈദില്ലാ, സഈദുബ്നു സൈദ്, ഹംസതു ബ്നു അബ്ദിൽ മുത്ത്വലിബ്, മിസ്അബുബ്നു ഉമൈർ(റ) തുടങ്ങിയ പ്രവാചകശിഷ്യന്മാർ. ഇവരുടെയെല്ലാം പ്രതിജ്ഞയുടെ കാതൽ സായുധ ജിഹാദിൽ പങ്കെടുക്കുകയും ജീവനുൾപ്പെടെയുള്ളതെന്തും ത്യജിക്കാൻ സന്നദ്ധരാവുകയും ചെയ്യുക എന്നതായിരുന്നു. സ്ത്രീജനങ്ങൾ യുദ്ധങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നില്ല; ആയുധമെടുക്കാതുള്ള സൈനിക സേവനങ്ങൾ ചെയ്യാറുണ്ടായിരുന്നു. സായുധ നടപടി പുരുഷന്മാർ മാത്രം ചെയ്യുന്നതായതുകൊണ്ടാണ് رِجَالٌ എന്ന പുല്ലിംഗപദം പ്രയോഗിച്ചത് എന്നും വ്യാഖ്യാനിക്കാവുന്നതാണ്. അല്ലാഹുവിനോടും റസൂലിനോടും പ്രതിജ്ഞ ചെയ്തവരുടെ കൂട്ടത്തിൽ ദുർബല വിശ്വാസികളും കപടന്മാരും ഉണ്ടായിരുന്നു. സായുധ ജിഹാദ് അനിവാര്യമായിത്തീർന്ന സന്ദർഭങ്ങളിലെല്ലാം അത്തരക്കാർ അതിൽനിന്ന് ഒളിച്ചോടുകയായിരുന്നു പതിവ്. ഉഹുദ് യുദ്ധത്തിലും അഹ്സാബ് യുദ്ധത്തിലും തബൂക്ക് യുദ്ധത്തിലുമെല്ലാം ഇങ്ങനെ ഒളിച്ചോടിയവരെ കാണാം.

അല്ലാഹുവിനോടും റസൂലിനോടും പ്രതിജ്ഞ ചെയ്തവരിൽ ചിലർ ഈ സൂക്തം അവതരിക്കുമ്പോൾതന്നെ തങ്ങളുടെ കൃത്യനിർവഹണത്തിലേർപ്പെട്ടുകൊണ്ട് മരിച്ചുപോയിരുന്നു. ചിലർ സത്യാസത്യസംഘട്ടനത്തിനിടയിൽ രക്തസാക്ഷികളായി. അക്കൂട്ടത്തിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നവർ ദൗത്യനിർവഹണത്തിനിടയിലുള്ള മരണമോ രക്തസാക്ഷിത്വമോ പ്രതീക്ഷിച്ചുകഴിയുകയാണ്. ആപത്തിലകപ്പെടാനും കൊല്ലപ്പെടാനുമുള്ള സാധ്യത അവരുടെ മുന്നിൽ ധാരാളമുണ്ട്. അതൊന്നും പക്ഷേ, കപടവിശ്വാസികളെപ്പോലെ തങ്ങളെടുത്ത പ്രതിജ്ഞയിൽ കടുകിട മാറ്റം വരുത്താൻ അവരെ പ്രേരിപ്പിക്കുന്നില്ല. നിശ്ചയദാർഢ്യം, പ്രതിജ്ഞ, കരാർ, നേർച്ച തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് نَحْب. പ്രതിജ്ഞ പാലിച്ചതിന് قَضَىٰ نَحْبَهُ എന്നു പറയുന്നു. മരിച്ചു എന്ന അർഥത്തിലും قَضَىٰ نَحْبَهُ ഉപയോഗിക്കാറുണ്ട്. രക്തസാക്ഷികളായി എന്നാണ് ചിലർ അർഥം കൽപിച്ചിരിക്കുന്നത്. ചിലർ ശപഥം നിറവേറ്റി എന്നും. സന്ദർഭം രണ്ടർഥത്തെയും സാധൂകരിക്കുന്നു. ●

---

لِّيَجْزِيَ ٱللَّهُ ٱلصَّـٰدِقِينَ بِصِدْقِهِمْ وَيُعَذِّبَ ٱلْمُنَـٰفِقِينَ
إِن شَآءَ أَوْ يَتُوبَ عَلَيْهِمْ ۚ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿٢٤﴾

24. സത്യവാന്മാർക്ക് അല്ലാഹു അവരുടെ സത്യസന്ധത അർഹിക്കുന്ന സമ്മാനം നൽകുന്നതിനും അവനിച്ഛിക്കുന്നുവെങ്കിൽ കപടന്മാരെ ശിക്ഷിക്കുകയോ അല്ലെങ്കിൽ അവരുടെ പശ്ചാത്താപം കൈക്കൊള്ളുകയോ ചെയ്യുന്നതിനും വേണ്ടിയത്രെ ഇതൊക്കെയും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമല്ലോ.

**24**

لِّيَجْزِيَ اللَّهُ = സത്യവാന്മാർക്ക് = الصَّادِقِينَ അല്ലാഹു സമ്മാനം നൽകുന്നതിന്

بِصِدْقِهِمْ = അവരുടെ സത്യസന്ധത (അർഹിക്കുന്ന)കൊണ്ട്

وَيُعَذِّبَ الْمُنَافِقِينَ = കപടന്മാരെ ശിക്ഷിക്കുകയോ إِن شَاءَ = അവൻ ഇഛിക്കുന്നുവെങ്കിൽ

أَوْ يَتُوبَ عَلَيْهِمْ = അല്ലെങ്കിൽ അവരുടെ പശ്ചാത്താപം കൈക്കൊള്ളുന്നതിന്(ള്ളുകയോ ചെയ്യുന്നതിനു-

വേണ്ടിയത്രെ ഇതൊക്കെയും)

إِنَّ اللَّهَ كَانَ غَفُورًا رَّحِيمًا = തീർച്ചയായും അല്ലാഹു ഏറ്റം പൊറുക്കുന്ന(വനും) കരുണാനിധി(യും)യായവനുമല്ലോ

പരീക്ഷണങ്ങൾ ഉളവാക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുകയാണ്. വിശ്വാസികളെ അല്ലാഹു കടുത്ത പരീക്ഷണങ്ങൾക്ക് വിധേയരാക്കുന്നത് അവരിൽ സത്യസന്ധമായി വിശ്വസിക്കുന്നവരെ തിരിച്ചറിയുന്നതിനും സത്യസന്ധത അർഹിക്കുന്ന പുരസ്കാരം നൽകുന്നതിനും വേണ്ടിയാണ്. അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞയെ വഞ്ചിച്ച കപടന്മാരെ അവനിഛിക്കുന്നുവെങ്കിൽ ശിക്ഷിക്കുകയും ചെയ്യും. അവനിഛിക്കുന്നുവെങ്കിൽ അവരുടെ പശ്ചാത്താപം കൈക്കൊണ്ട് പാപമുക്തരാക്കി രക്ഷിക്കും. അത് അവന്റെ കനിവിനെയും കാരുണ്യത്തെയും ആശ്രയിച്ചിരിക്കുന്നു. ഏറെ പൊറുക്കുന്ന കരുണാവാരിധിയാണല്ലോ അല്ലാഹു. സത്യവിശ്വാസത്തിന്റെ മാറ്റ് തെളിയിക്കുന്ന ഉരകല്ലാണ് വിശ്വാസി നേരിടുന്ന പരീക്ഷണങ്ങളും പ്രയാസങ്ങളും. അതുകൊണ്ട് പരീക്ഷണങ്ങൾ ഉയർന്നുവരുമ്പോൾ അതിനെ തങ്ങളുടെ വിശ്വാസത്തിന്റെ മാറ്റ് തെളിയിക്കാനുള്ള അവസരമായിട്ടാണ് യഥാർഥ വിശ്വാസികൾ കാണുക. കപടന്മാരാവട്ടെ, അത്തരം അനുഭവങ്ങളെ അല്ലാഹുവിന്റെ വാഗ്ദാന ലംഘനവും ദയാശൂന്യമായ പീഡനവുമായിട്ടാണ് കാണുക. ഈ ദീനംപിടിച്ച മനസ്സുള്ളവർക്ക് അവരുടെ ദുഷ്ടമായ നിലപാടുകളിൽനിന്ന് മാറാനും സത്യസന്ധരായ വിശ്വാസികളുടെ ചര്യ സ്വീകരിക്കാനും അവസരമുണ്ട്. എന്നാൽ അല്ലാഹുവിന്റെ ഇഛ-വേണ്ടുക (مشيئة) ഉണ്ടെങ്കിലേ അവരതിനു തയാറാകൂ. അതില്ലെങ്കിൽ നിലപാട് പുനഃപരിശോധിക്കാനോ സ്വയം സംസ്കരിക്കാനോ തയാറാവാതെ തങ്ങളുടെ കാപട്യത്തിലൂടെയും അവിശ്വാസത്തിലൂടെയും സഞ്ചരിച്ച് ശിക്ഷാഗർത്തത്തിൽ ചെന്നു പതിക്കും. അല്ലാഹുവിന്റെ مشيئة ഉണ്ടെങ്കിൽ അവർ പശ്ചാത്തപിക്കുകയും ആ പശ്ചാത്താപം അവൻ കൈക്കൊള്ളുകയും അങ്ങനെ രക്ഷിക്കപ്പെടുകയും ചെയ്യും. أَوْ يَتُوبَ عَلَيْهِمْ എന്നതിനു ശേഷവും إِن شَاءَ എന്ന് അനുക്തമായിട്ടുണ്ട്. ആദ്യം പറഞ്ഞ إِن شَاءَ -യിൽനിന്നുതന്നെ ആശയം വ്യക്തമാകുന്നതിനാൽ അത് അനുക്തമാക്കിക്കൊണ്ട് ആവർത്തനം ഒഴിവാക്കിയിരിക്കുകയാണ്. അല്ലാഹുവിന്റെ مشيئة അവന്റെ നീതിനിഷ്ഠക്കും യുക്തിജ്ഞാനത്തിനും നടപടിക്രമ(സുന്നത്ത്)ത്തിനും അനുസൃതമായിരിക്കും. തൗബ ചെയ്യുന്നവർക്ക് കരുണയും വിട്ടുവീഴ്ചയുമരുളുക അവന്റെ സുന്നത്ത് ആകുന്നു. കപടന്മാരും രോഗാതുരമനസ്സുള്ളവരും തൗബ ചെയ്യുകയും മാപ്പിരക്കുകയു (استغفار) മാണെങ്കിൽ അവർ അല്ലാഹുവിന്റെ കാരുണ്യത്തിനർഹരാകും എന്നൊരു സുവിശേഷവും കൂടിയുണ്ടീ വാക്യത്തിൽ.

ചില ആളുകൾ ഈ വാക്യത്തെ കപടവിശ്വാസികളിൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കും, അവനുദ്ദേശിക്കുന്നവരെ വെറുതെ വിടും, അവനുദ്ദേശിക്കുന്നവർക്ക് തൗബ സ്വീകരിച്ച് പൊറുത്തുകൊടുക്കും, അവനുദ്ദേശിക്കുന്നവർക്ക് തൗബയില്ലാതെയും പൊറുത്തുകൊടുക്കും എന്ന് വ്യാഖ്യാനിച്ചിട്ടുള്ളത് അബദ്ധമാകുന്നു. തൗബക്കും അതിന്റെ സ്വീകാര്യതക്കും പാപമോചനത്തിനും അല്ലാഹു ചില വ്യവസ്ഥകളും മാനദണ്ഡങ്ങളും നിശ്ചയിട്ടുണ്ട്. അന്ധമായ ശിക്ഷയും രക്ഷയും ഈ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമാകുന്നു. അല്ലാഹുവിന്റെ ഇഛ നേരത്തേ സൂചിപ്പിച്ചപോലെ അവന്റെ നീതിനിഷ്ഠയിലും യുക്തിജ്ഞാനത്തിലും അധിഷ്ഠിതമാകുന്നു.

●